# സംസ്ഥാന ജി.എസ്.ടി വകുപ്പ്

ടാക്സ് ടവർ, കിള്ളിപ്പാലം

നവംബർ–09, 2017 കരമന, തിരുവനന്തപുരം

---

## <u>പത്രക്കുറിപ്പ്</u>

## <u>ജി.എസ്.ടി– കോമ്പോസിഷൻ റിട്ടേൺ സമർപ്പിക്കണം</u>

തിരുവനന്തപുരം: കോമ്പോസിഷൻ നികുതിദായകർ സമർപ്പിക്കേണ്ട ജി.എസ്.ടി.ആർ–04 റിട്ടേൺ സമർപ്പിക്കാനുള്ള സൗകര്യം ജി.എസ്.ടി പോർട്ടലിൽ ലഭ്യമായി തുടങ്ങിയെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് അറിയിച്ചു.

ജി.എസ്.ടി നിയമപ്രകാരം കോമ്പോസിഷൻ നികുതി നിർണ്ണയം തിരഞ്ഞെടുത്ത മുഴുവൻ വ്യാപരികളും ജി.എസ്.ടി.ആർ–04 റിട്ടേണിൽ തങ്ങളുടെ ത്രൈമാസ വ്യാപാര വിവരങ്ങൾ ജി.എസ്.ടി പോർട്ടലിൽ സമർപ്പിക്കണം. ജി.എസ്.ടി.ആർ–04 റിട്ടേൺ തയ്യാറാക്കാനുള്ള ഓഫ്‌ലൈൻ എക്സൽ ടൂൾ ഉപയോഗിച്ചും റിട്ടേൺ തയ്യാറക്കി സമർപ്പിക്കാം.

കൂടതെ വാറ്റ്, എക്സൈസ് നിയമപ്രകാരം അടച്ച നികുതിയുടെ ട്രാൻസിഷണൽ ക്രെഡിറ്റ് ലഭിക്കുന്നതിന് വ്യാപാരികൾ സമർപ്പിച്ച ട്രാൻ–1 ഫോറം തിരുത്തുന്നതിനുള്ള സൗകര്യവും പോർട്ടലിൽ തയ്യാറയിട്ടുണ്ടെന്ന് ചരക്ക് സേവന നികുതി വകുപ്പ് ആറിയിച്ചു.